**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1891** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് വിശദമാക്കാമോ? | (എ) | ഗ്രാമീണ കളിക്കളങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സർക്കാരിന്റെ 2021-22 ലെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനുവേണ്ടി ഓരോ പദ്ധതിക്കും ശരാശരി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട് വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവ ചേർത്തു കൊണ്ടാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ചുരുങ്ങിയത് ഒരു ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്തിന്റെ കൈവശം ലഭ്യമായിരിക്കണം. ഓരോ കളിസ്ഥലത്തിനും സ്ഥല ലഭ്യതക്കും, ഫണ്ടിനുമനുസരിച്ച് വിവിധ കായിക വിനോദങ്ങൾക്ക് വേണ്ട കോർട്ടുകൾ കുട്ടികൾക്കായുള്ള പ്രത്യേക കളിസ്ഥലം പ്രായമായവർക്കുള്ള വിനോദോപാധികൾ, ഓപ്പൺ ജിംനേഷ്യം, ഹെൽത്ത് പവലിയൻ, ടോയ്ലെറ്റ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഓരോ കളിസ്ഥലത്തിന്റേയും പരിപാലനത്തിനായി ചുരുങ്ങിയത് 2 പേർക്കെങ്കിലും തൊഴിൽ ലഭ്യത ഉറപ്പാക്കും. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. ആദ്യ ഘട്ടം ഓരോ നിയോജക മണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥല പരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭരണാനുമതി നൽകി ഇതിന്റെ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ |

| | | | |
|---|---|---|---|
| | | | പ്രദേശത്തുള്ള സർക്കാർ സ്കൂളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിലുള്ള ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതിയും പരിഗണിക്കുന്നതാണ്. പദ്ധതി ബന്ധപ്പെട്ട ജനപ്രതിനിധികൾ നൽകുന്ന മുൻഗണനാക്രമത്തിൽ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ